പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1153 — 04.02.2019-ൽ മറുപടിക്ക്

## മാനന്തവാടി മണ്ഡലത്തിലെ പാലം പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.ഒ. ആർ. കേളു : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) മാനന്തവാടി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള പാലം പ്രവൃത്തികളുടെ പട്ടിക ലഭ്യമാക്കാമോ; | (എ) താളിപ്പാറക്കടവ് പാലം, ചെറുപുഴ പാലം, പൊള്ളമ്പാറ പാലത്തിന്റെ സമീപന റോഡിന്റെ തകർന്ന സംരക്ഷണ ഭിത്തിയുടെ പുനർ നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി). ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (ബി) ചെറുപുഴ പാലത്തിന്റെ പ്രവൃത്തി അവസാന ഘട്ടത്തിലാണ്, താളിപ്പാറക്കടവ് പാലത്തിന്റെ പൈലിംഗ് പ്രവൃത്തികൾ തുടങ്ങിയിട്ടുണ്ട്. പൊള്ളമ്പാറ പാലത്തിന്റെ സമീപന റോഡിന്റെ സംരക്ഷണ ഭിത്തി പുനർ നിർമ്മാണ പ്രവൃത്തി 240 ലക്ഷം രൂപയ്ക്ക് ടെണ്ടർ ചെയ്തിട്ടുണ്ട്. |
| (സി) മാനന്തവാടി മണ്ഡലത്തിൽ ഉടൻ പുതുക്കിപ്പണിയേണ്ട പാലങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കാമോ; | (സി) പനമരം- ചെറുപുഴ, നായ്ക്കട്ടി പാലം, ബാവലി പാലം, കരിന്തിരിക്കടവ് പാലം, 41-ാം മൈൽ പാലം എന്നീ 5 പാലങ്ങൾ പുതുക്കി പണിയുന്നതിന് പരിഗണിച്ചിട്ടുള്ളതാണ്. |
| (ഡി) പനമരം-ചെറുപുഴ പാലം പുതുക്കിപ്പണിയുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വെളിപ്പെടുത്താമോ? | (ഡി) പരിഗണനയിലുണ്ട്. |

S. Bindu

സെക്ഷൻ ഓഫീസർ